ഭരണഭാഷ –മാതൃഭാഷ

നമ്പർ : ICDS/B2/1613/2017

വനിതാ ശിശുവികസന വകുപ്പ് ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
ഫോൺ : 0471-2346508 ഫാക്സ് : 0471-2346534
ഇ-മെയിൽ : swdicds@gmail.com
തിയതി : 24..12..2020

വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

സർ/മാഡം,

വിഷയം : വനിതാ ശിശുവികസന വകുപ്പ് - അനീമിയക്കെതിരെ ബോധവത്ക്കരണം- ക്യാംപെയ്ൻ 12 - പോസ്റ്ററുകൾ തയ്യാറാക്കുന്നത്- ക്വട്ടേഷൻ ആവശ്യപ്പെടുന്നത് - സംബന്ധിച്ച്.

സൂചന : 23..12.2020-ലെ മീറ്റിംഗ് നിർദ്ദേശം.

NFHS 5 - റിപ്പോർട്ട് പ്രകാരം കേരളത്തിൽ എല്ലാ വിഭാഗങ്ങളിലും അനീമിയ വർദ്ധിക്കുന്നതായി കാണപ്പെടുന്നു. അനീമിയ നിയന്ത്രിക്കുന്നതിന് വിവിധ വകുപ്പുകൾ സംയുക്തമായി ഒരു വർഷം നീണ്ടു നിൽക്കുന്ന ഒരു പദ്ധതി നടപ്പിലാക്കാൻ മേൽ സൂചനായോഗത്തിൽ തീരുമാനിക്കുകയുണ്ടായി. ആരോഗ്യവകുപ്പ്, കുടുംബശ്രീ ,പഞ്ചായത്ത്, മറ്റ് വകുപ്പുകളുമായി ചേർന്ന് ഒരു ബൃഹത് ക്യാംപെയ്ൻ ജനവരി 12 ന് ആരംഭിക്കുന്നതാണ്. ഇതിന്റെ ഭാഗമായി അന്നേ ദിവസം ഒരു പോസ്റ്റർ പ്രകാശനം നടത്തേണ്ടതായിട്ടുണ്ട്. പോസ്റ്ററിന്റെ മാതൃക ഉടൻ ലഭ്യമാക്കുന്നതാണ്. പ്രസ്തുത പോസ്റ്റർ മൾട്ടികളറിൽ 56സെ.മീ. നീളം, 42 സെ.മീ. വീതി സൈസിൽ പ്രിന്റ് ചെയ്യേണ്ടതാണ്. പോസ്റ്റർ പ്രിന്റ് ചെയ്യുന്നതിന് ജില്ലാതലത്തിൽ ക്വട്ടേഷൻ ക്ഷണിക്കുന്നതിനുള്ള നടപടി ഉടൻ ആരംഭിക്കേണ്ടതാണ്. ടി പോസ്റ്റർ പ്രിന്റ് ചെയ്ത് ജനവരി 12 ന് എല്ലാ സർക്കാർ സ്ഥാപനങ്ങളിലും, എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, എല്ലാ അങ്കണവാടികളിലും , ഇതിനു പുറമേ യുവജന ക്ലബ്ബുകളിലും ലൈബ്രറികളിലും പ്രദർശിപ്പിക്കേണ്ടതുണ്ട്. പോസ്റ്റർ പ്രിൻറ് ചെയ്യേണ്ട എണ്ണം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

വനിത ശിശു വികസന വകുപ്പ് ഡയറക്ടർക്കുവേണ്ടി

NA-19

## പ്രിൻറ് ചെയ്യേണ്ട പോസ്റ്ററുകളുടെ എണ്ണം

| ക്രമ നം. | ജില്ല | പ്രിൻറ് ചെയ്യേണ്ട പോസ്റ്റർ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 4000 |
| 2 | കൊല്ലം | 3500 |
| 3 | പത്തനംതിട്ട | 2000 |
| 4 | ആലപ്പുഴ | 3000 |
| 5 | കോട്ടയം | 2500 |
| 6 | ഇടുക്കി | 2000 |
| 7 | എറണാകുളം | 4000 |
| 8 | തൃശ്ശൂർ | 3500 |
| 9 | പാലക്കാട് | 3500 |
| 10 | മലപ്പുറം | 4500 |
| 11 | വയനാട് | 1500 |
| 12 | കോഴിക്കോട് | 4000 |
| 13 | കണ്ണൂർ | 3500 |
| 14 | കാസർഗോഡ് | 2000 |
| | ആകെ | 43500 |